# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM11/2113/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM11/2113/2021 തീയ്യതി: 04/02/2022

## മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-10-2019 മുതൽ 24-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2021 | 08-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-11-2021 | 08-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ സത്താർ സി പി, ഓഡിറ്റ് ഓഫീസർ
ശ്രീ.സന്തോഷ് പി ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.അസീന എ പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അമീൻ ഫൈസൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.വിനീത പി പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രസീത മണിയാണി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.താഹിറ എൻ കെ | സെക്രട്ടറി ഇൻ ചാർജ്ജ് | 01-04-2019 | 23-04-2019 |
| | | 01-01-2020 | 23-02-2020 |
| | | 12-03-2020 | 27-03-2020 |
| ശ്രീ. ഷറഫുദ്ധീൻ ഇ | സെക്രട്ടറി | 24-04-2019 | 31-12-2019 |
| | | 24-02-2020 | 11-03-2020 |
| | | 28-03-2020 | 31-03-2020 |
| ശ്രീമതി.ബിജ്ജല ബാലൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. അജയകുമാർ | വെറ്ററിനറി സർജൻ | 01-04-2019 | 17-08-2019 |
| ശ്രീമതി.ലൈല കരുമാരതൊടിക | വെറ്ററിനറി സർജൻ | 18-08-2019 | 31-03-2020 |
| ശ്രീമതി. ബേനസീർ | വി. ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. ശ്രീലത | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സജിത | ഡയറി എക് സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. നീലകണ്ഠൻ നമ്പൂതിരി | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ. അബ്ദുൽ ജലീൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.താഹിറ എൻ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. ഫുഹാദ് കോഴിസ്സൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 21-06-2019 |
| ഡോ. ഷബ്ന പർവീൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 22-06-2019 | 07-09-2019 |
| ഡോ. ഫുഹാദ് കോഴിസ്സൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 08-09-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: ASEENA.A.P (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: ASEENA.A.P (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: ASEENA.A.P (Asst. Audit Officer, On 03-12-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 10-12-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: ASEENA.A.P (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Santhosh.P.T (Asst. Audit Officer, On 03-12-2021)<br>Last Updated By: Santhosh.P.T (Asst. Audit Officer, On 03-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ameen Faisal.T.T (Senior Grade Auditor, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Santhosh.P.T (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Vineetha P P (Auditor, On 04-12-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 09-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Sathar C.P (Audit Officer, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 04-12-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 08-12-2021) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-11 |
| 12 | രസീത് ബുക്കുകളുടെ ഉപയോഗത്തിലെ അപാകതകൾ<br>Written By: Vineetha P P (Auditor, On 08-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-12 |
| 13 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 07-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-13 |
| 14 | കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതാണ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-14 |
| 15 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-15 |
| 16 | ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാർക്ക് 96,649/- രൂപ അധികം നൽകി<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-16 |
| 17 | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് ഫൈൻ | 1-17 |

| | | |
|---|---|---|
| | ഈടാക്കിയില്ല- പഞ്ചായത്ത് ഫണ്ടിന് 1,49,394/- രൂപയുടെ നഷ്ടം<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | |
| 18 | സിംഗിൾ സെക്ഷൻ വർക്കിന് ഡസ്റ്റ് വർക്കിന്റെ നിരക്ക് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 12614/-രൂപ അടവാക്കി.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-18 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാർക്ക് 96,649/-അധിക തുക നൽകി<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: ASEENA.A.P (Asst. Audit Officer, On 04-12-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 04-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 04-12-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 08-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: ASEENA.A.P (Asst. Audit Officer, On 04-12-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 04-12-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: ASEENA.A.P (Asst. Audit Officer, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: ASEENA.A.P (Asst. Audit Officer, On 08-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: ASEENA.A.P (Asst. Audit Officer, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: ASEENA.A.P (Asst. Audit Officer, On 04-12-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 05-12-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ<br>Written By: ASEENA.A.P (Asst. Audit Officer, On 05-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: ASEENA.A.P (Asst. Audit Officer, On 05-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 05-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 08.02.2019 ലെ തീരുമാനം നമ്പർ 1(1) | പുതുക്കിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2019-20 | 31-07-2020 | 28.05.2020 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27732989 |
| വരവ് | 63670363 |
| ആകെ | 91403352 |
| ചെലവ് | 71414021 |
| നീക്കിയിരിപ്പ് | 19989331 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16084647 | 16084647 | 12730319 | 3354328 |
| വികസന ഫണ്ട് (SCP) | 0 | 10012176 | 10012176 | 6911054 | 3101122 |
| വികസന ഫണ്ട് (TSP) | 0 | 90000 | 90000 | 44956 | 45044 |
| CFC | 0 | 12588103 | 12588103 | 7640679 | 4947424 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 6238000 | 6238000 | 2420572 | 3817428 |
| മെയിന്റനൻസ് ഫണ്ട് -റോഡിതരം | 0 | 4842000 | 4842000 | 3240261 | 1601739 |
| ബി ഫണ്ട് | 0 | 24873980 | 24873980 | 24873980 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 238 | 84602152 | 195 | 48417942 | 20 | 23 | 81.93 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1128 | 880251 | 881379 | 638914 | 242465 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13582235.92 | 13582235.92 | 13582235.92 | 0 |
| ആകെ | 1128 | 14462486.92 | 14463614.92 | 14221149.92 | 242465 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 73080 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 3649200 | 1251 |
| വിധവാ പെൻഷൻ | 8449200 | 2882 |
| വാർദ്ധക്യകാല പെൻഷൻ | 9421200 | 3228 |
| വികലാഗ പെൻഷൻ | 2620300 | 875 |
| വിവാഹ ധനസഹായം | 30000 | 1 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 516000 | 176 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.12.21 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 2672/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജെക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കാൻ നിർദ്ദേശിച്ചതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

3. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ കൃത്യമായി എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വെച്ച് സെക്ഷനുകൾ ഒപ്പ് വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ് പ്രകാരം പ്രത്യേക ഊന്നൽ നൽകിയതും ശ്രദ്ധിക്കേണ്ടതാണ്.

4. GO(P) No.177/2006/FIN Dt 12.4.06 പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രോജെക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പല നിർവഹണ ഉദ്യോഗസ്ഥരും പ്രോജെക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. (ഉദാ:- മെഡിക്കൽ ഓഫീസർ, PHC). എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും പ്രൊജക്ട് രജിസ്റ്റർ നൽകി എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

5. ഗവ: സർക്കുലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം

രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യുന്നില്ല.

6. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയും, ഓഫീസ് ഫർണിച്ചറിനം, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം നടത്തുന്നില്ല.

7. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. പട്ടിക വർഗ വിഭാഗത്തിനായുള്ള ഫണ്ടുകൾ ലാപ്സാവുന്നത് വളരെ ഗുരുതരമായ പ്രശ്നമായി നിലനിൽക്കുന്നു. പ്രസ്തുത കാര്യത്തിൽ അതീവ ജാഗ്രത കാണിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.09.2021 മുതൽ 30.09.2021 | 05/21 മുതൽ 07/21 വരെ | 30.09.2021 |
| എ.ജി. ഓഡിറ്റ് | 13.12.2007 | 1997-98 മുതൽ 2006-07 വരെ | 25.08.2008 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2019-20 വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1) വസ്തുനികുതി ഇനത്തിൽ കിട്ടാനുള്ള തുകയിൻമേൽ ലൈബ്രറി സെസ് ഇനത്തിൽ ബുക്ക് ചെയ്ത തുക ക്രമപ്രകാരമല്ല.

2) Capital Work In Progress ഇനത്തിൽ ബുക്ക് ചെയ്തിട്ടുണ്ടെങ്കിലും, പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ആസ്തി നിർമ്മാണമില്ല.

3) B-4ഷെഡ്യൂളിൽ Beneficiary Contribution ഇനത്തിൽ 148730രൂപ ബാധ്യതയുണ്ട്. ഗുണഭോക്തൃവിഹിതം പിരിച്ച പൂർത്തീകരിക്കാൻ ബാക്കിയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

4) സാംഖ്യ നിലവിൽ വരുന്നതിന് മുമ്പ് ആർജ്ജിച്ച ആസ്തികളുടെ മൂല്യം AFSൽ ബുക്ക് ചെയ്തിട്ടില്ല.

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 രസീത് ബുക്കുകളുടെ ഉപയോഗത്തിലെ അപാകതകൾ

രസീത് ബുക്കുകൾ പരിശോധിച്ചപ്പോൾ താഴെ കാണുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.
1)കേരള ഫിനാൻഷ്യൽ കോഡ് (വാല്യം 1) ആർട്ടിക്കിൾ 92(ബി) പ്രകാരം ഓരോ രസീത് ബുക്കുകളിലേയും ഫോറങ്ങളുടെ എണ്ണം സൂക്ഷ്മമായി പരിശോധിക്കേണ്ടതും നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് ഉൾഭാഗത്ത് രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ചില രസീതി പുസ്തകങ്ങളിൽ അപ്രകാരം ചെയ്തിട്ടില്ല.ഉദാ:- 21237,21229,21235

2) 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ -ചട്ടം 20(2)(ബി) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് സെക്രട്ടറി നൽകുന്ന രസീതിൽ നിന്ന് വ്യത്യസ്തമായിരിക്കേണ്ടതും അത് അക്കൗണ്ട്സ് മാന്വലിൽ നിർദ്ദേശിച്ച ഫോറത്തിൽ ഉള്ളതുമായിരിക്കണം. എന്നാൽ കൃഷി ഓഫീസർ , ഹെഡ് മിസ്ട്രസ് ,വെറ്ററിനറി സർജൻ തുടങ്ങിയ വിവിധ നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകിയ രസീത് ബുക്കുകൾ സെക്രട്ടറി നൽകുന്ന ഫോറത്തിൽത്തന്നെ ഉള്ളതാണ്.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/2019-20 തിയതി 07.12.2021 ന് മറുപടി ലഭ്യമായില്ല.

## 1-13 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജെക്ടുകളിലെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

| ക്രമനമ്പർ | പ്രോജെക്റ്റ് നമ്പർ/പേര് | തുക | ബിൽ/ചെക്ക്/വൗച്ചർ നമ്പർ/തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 24/19-20<br>എസ് എസ് എ പഞ്ചായത്ത് വിഹിതം അടവാക്കൽ<br>വികസന ഫണ്ട് | 15,00,000 | 19150352004700583181<br>തി. 19-9-2019 | എസ് എസ് എ ജില്ലാ പ്രോജെക്റ്റ് ഓഫീസിൽ അടവാക്കി. |
| 2 | 26/19-20<br>എസ് എസ് എ പഞ്ചായത്ത് വിഹിതം അടവാക്കൽ<br>വികസന ഫണ്ട് എസ് സി പി | 5,00,000 | 19150352009700583185<br>തി. 19-9-2019 | എസ് എസ് എ ജില്ലാ പ്രോജെക്റ്റ് ഓഫീസിൽ അടവാക്കി. |
| | ആകെ | 20,00,000 | | |

ഇതു സംബന്ധിച്ച് നമ്പർ നമ്പർ 3/2-12-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 20,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനിയർ 2019-20 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.
1. പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 146 പ്രൊജക്ടുകളാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 76 പ്രൊജക്ടുകളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 146 | ആകെ അടങ്കൽ | 38229774 |
| നടപ്പിലാക്കിയത് | 76 | ചെലവ് | 17946229 |
| ശതമാനം | 52 | ചെലവ് ശതമാനം | 47 |

പകുതിയോളം പ്രൊജക്ടുകളും നിർവ്വഹണം നടത്താൻ കഴിയാത്തത് മൂലം സാമ്പത്തിക വർഷത്തിൽ ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾക്ക് ഉപയോഗിക്കേണ്ട ഫണ്ടുകളുടെ വലിയ ഒരു ശതമാനം നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്. പദ്ധതികളുടെ എണ്ണക്കൂടുതൽ മൂലമാണ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ

ശ്രദ്ധയിൽപ്പെടുത്തുന്നു.

2. റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാർക്ക് 96,649/- രൂപ അധികം നൽകി

വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്തതിന് 0.35 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് DSR പ്രകാരമുള്ള നിരക്ക് ഇല്ലാത്തതിനാൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ആയത് പ്രകാരമുള്ള നിരക്ക് മൂല്യ നിർണ്ണയം നടത്തുകയാണ് ചെയ്തിട്ടുള്ളത്. റൂഫിംഗിനായി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിലെ അപാകത മൂലം 96,649/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-17 കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല- പഞ്ചായത്ത് ഫണ്ടിന് 1,49,394/- രൂപയുടെ നഷ്ടം

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൻമേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

എന്നാൽ കരാർ കാലയളവിൽ പൂർത്തീകരിക്കാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളിൽ (കരാറുകാരന്റേത് അല്ലാത്ത സാഹചര്യമുള്ളതായി കരാറുകാരൻ അസി. എൻജിനീയറെ രേഖാമൂലം അറിയിക്കുകയോ, ഭരണ സമിതി തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല) പിഴ ഈടാക്കിയിട്ടില്ല. ആയത് മൂലം പഞ്ചായത്ത് ഫണ്ടിന് 1,49,394/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി | പിഴ ഇനത്തിൽ ഈടാക്കേണ്ടതുക |
|---|---|---|---|---|
| 1 | പ്രൊജക്ട്: മണിയാണി കോളനി കുടിവെള്ള പദ്ധതി (169/20)<br>Agr.No: 89/AE/LSGD/KZTR/2017-18<br>M.Book No: 953/2017-2018<br>PAC: 468750<br>Vr.No: 09/13.05.2019<br>സൈറ്റ് കൈമാറിയത്: 15.03.2018 | 30.09.2018<br>[Agr Reg. Sl No. 89] | 12.03.2019 | 12189/-<br>[Ie, 01.10.18 To 31.12.18 (1%PAC)= 4688<br>01.01.19 To 11.03.2019 (2%PAC)= 7501] |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ: നസീം എൻ | | | |
| 2 | പ്രൊജക്ട്: വിവിധ അംഗനവാടികളുടെ റിപ്പയർ(165/20)<br>Agr.No: 71/AE/LSGD/KZTR/2017-18<br>M.Book No: 953/2017-18<br>PAC: 400000/-<br>Vr.No: 10/17.05.2019<br>സൈറ്റ് കൈമാറിയത്: 22.12.2017<br>കൺവീനർ: KV ഹംസപ്പ | 31.03.2018<br>[Agr Reg. Sl No. 71] | 26.09.2018 | 11556/-<br>[le, 01.04.18 To 30.06.18 (1%PAC)= 4000<br>01.07.18 To 25.09.18 (2%PAC)= 7556] |
| 3 | പ്രൊജക്ട്: പൂവ്വത്തും പറമ്പ് കോളനി കിണർ പുനരുദ്ധാരണം(166/20)<br>Agr.No: 80/AE/LSGD/KZTR/2017-18<br>M.Book No: 22/2018(A)<br>PAC: 350000<br>Vr.No: 08/13.05.2019<br>സൈറ്റ് കൈമാറിയത്: 18.01.2018<br>കരാറുകാരൻ: നസീം എൻ | 30.04.2018<br>[Agr Reg. Sl No. 80] | 12.03.2019 | 20689/-<br>[le, 01.05.18 To 31.07.18 (1%PAC)= 3500<br>01.08.18 To 31.10.18 (2%PAC)= 7000<br>01.11.18 To 31.01.19 (2%PAC)= 7000<br>01.02.19 To 11.03.2019 (2%PAC)= 3189] |
| 4 | പ്രൊജക്ട്: മണിയാണി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം(167/20)<br>Agr.No: 90/AE/LSGD/KZTR/2017-18<br>M.Book No: 31/2018A<br>PAC: 400000<br>Vr.No: 06/08.05.2019<br>സൈറ്റ് കൈമാറിയത്: 15.03.2018<br>കരാറുകാരൻ: നസീം എൻ | 30.09.2018<br>[Agr Reg. Sl No. 90] | 25.03.2019 | 11467/-<br>[le, 01.10.18 To 31.12.18 (1%PAC)= 4000<br>01.01.19 To 24.03.19 (2%PAC)= 7467] |
| 5 | പ്രൊജക്ട്: വലിയപറമ്പ് കുടിവെള്ള പദ്ധതി (174/20)<br>Agr.No: 84/AE/LSGD/KZTR/2017-18<br>M.Book No: 43/2018A<br>PAC: 450000<br>Vr.No: 75,76/13.03.2020<br>സൈറ്റ് കൈമാറിയത്: 18.01.2018<br>കരാറുകാരൻ: നസീം എൻ | 30.04.2018<br>[Agr Reg. Sl No. 84] | 20.01.2019 | 21400/-<br>[le, 01.05.18 To 31.07.18 (1%PAC)= 4500<br>01.08.18 To 31.10.18 (2%PAC)= 9000<br>01.11.18 To 19.01.2019 (2%PAC)= 7900] |
| 6 | പ്രൊജക്ട്: കൊളമ്പ് കുടിവെള്ള പദ്ധതി വിപുലീകരണം(172/20)<br>Agr.No: 83/AE/LSGD/KZTR/2017-18<br>M.Book No: 23/2018A<br>PAC: 200000<br>Vr.No: 20/17.07.2019<br>സൈറ്റ് കൈമാറിയത്: 18.01.2018 | 30.04.2018<br>[Agr Reg. Sl No. 84] | 01.03.2019 | 11333/-<br>[le, 01.05.18 To 31.07.18 (1%PAC)= 2000<br>01.08.18 To 31.10.18 (2%PAC)= 4000<br>01.11.18 To 31.01.2019 (2%PAC)= 4000 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ: നസീം എൻ | | | 01.02.2019 To 28.02.2019= 1333] |
| 7 | പ്രൊജക്റ്റ്: കല്ല് വെട്ടുകുഴി കുടിവെള്ള കിണർ പൂർത്തീകരണം (176/20)<br>Agr.No: 87/AE/LSGD/KZTR/2017-18<br>M.Book No: 911/2017-18<br>PAC: 200000<br>Vr.No: 16/17.07.2019<br>സൈറ്റ് കൈമാറിയത്: 07.03.2018<br>കരാറുകാരൻ: ഷിഹാബുദ്ധീൻ പി | 07.06.2018<br>[Agr Reg. Sl No. 87] | 15.03.2019 | 10267/-<br>[Ie, 08.06.18 To 07.09.18 (1%PAC)= 2000<br>08.09.18 To 07.12.18 (2%PAC)= 4000<br>08.12.18 To 07.03.19 (2%PAC)= 4000<br>08.03.19 To 14.03.19 (2%PAC)= 267] |
| 8 | പ്രൊജക്റ്റ്: പീടികപ്പടി കരുവമ്പാറ റോഡ് ടാറിംഗ് (171/20)<br>Agr.No: 51/AE/LSGD/KZTR/2017-18<br>M.Book No: 914/2017<br>PAC: 338000<br>Vr.No: 13/17.07.2019<br>സൈറ്റ് കൈമാറിയത്: 14.11.2017<br>കരാറുകാരൻ: ഷിഹാബുദ്ധീൻ പി | 31.03.2018<br>[Agr Reg. Sl No. 87] | 27.02.2019 | 23360/-<br>[Ie, 01.04.18 To 31.06.18 (1%PAC)= 3380<br>01.07.18 To 30.09.18 (2%PAC)= 6760<br>01.10.18 To 31.12.2018 (2%PAC)= 6760<br>01.01.2019 To 26.02.2019= 6460] |
| 9 | പ്രൊജക്റ്റ്: പൂന്താനം അംഗനവാടി നിർമ്മാണം (168/20)<br>Agr.No: 61/AE/LSGD/KZTR/2017-18<br>M.Book No: 948,949/2018<br>PAC: 825000<br>Vr.No: 14/17.07.2019<br>സൈറ്റ് കൈമാറിയത്: 23.11.2017<br>കൺവീനർ: ഹുസൈൻ എം | 31.08.2018<br>[Agr Reg. Sl No. 61] | 14.03.2019 | 27133/-<br>[Ie, 01.09.18 To 30.11.18 (1%PAC)= 8250<br>01.12.18 To 28.02.19 (2%PAC)= 16500<br>01.03.19 To 13.03.19 (2%PAC)= 2383] |

പിഴ ഈടാക്കാതെ കരാറുകാർക്ക് ഫൈനൽ ബിൽ അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. കൂടാതെ മേൽ പ്രവൃത്തികൾ കരാർ പ്രകാരം കൊറോണ മൂലമുള്ള ലോക്ഡൗണിന് മുൻപ് പൂർത്തീകരിക്കേണ്ടതിനാൽ GO(Ms)No. 1444/2021 /LSGD/Dated 31/07/2021 ഉത്തരവ് പ്രകാരമുള്ള ഇളവിന് അർഹതയില്ല. ആയതിനാൽ തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18 സിംഗിൾ സെക്ഷൻ വർക്കിന് ട്രസ്സ് വർക്കിന്റെ നിരക്ക് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 12614/-രൂപ അടവാക്കി.

ആക്കപ്പറമ്പ് സബ് സെന്റർ റിപ്പയർ (161/20) എന്ന പ്രവൃത്തിയിൽ അപ്രൂവ്ഡ് ഒബ്സെർവ്ഡ് ഡാറ്റ 50.10.1 പ്രകാരമുള്ള 137.46/കി.ഗ്രാം നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 30.11.2021 ന് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിലും, അളവ് പുസ്തകം പരിശോധിച്ചതിലും പ്രസ്തുത പ്രവൃത്തി പർലിൻ/സിംഗിൾ സെക്ഷൻ വർക്ക് ആണെന്ന് ബോധ്യപ്പെട്ടു. സിംഗിൾ സെക്ഷൻ വർക്കുകൾക്ക് അനുവദിക്കാവുന്ന നിരക്ക് അപ്രൂവ്ഡ് ഒബ്സെർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള 111.93/kg നിരക്കാണ്. തെറ്റായ നിരക്ക് അനുവദിച്ചതു മൂലം ഈ പ്രവൃത്തിയിൽ 12614/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ എൻക്വയറിയുടെ അടിസ്ഥാനത്തിൽ (Eq No 2/30.11.2021) 01.12.2021 ലെ 121230102398 രസീതി പ്രകാരം 12614 രൂപ അടവാക്കി. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാർക്ക് 96,649/-അധിക തുക നൽകി

വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യതിന് 0.35 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് DSR പ്രകാരമുള്ള നിരക്ക് ഇല്ലാത്തതിനാൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപെടുത്തി ആയത് പ്രകാരമുള്ള നിരക്ക് മൂല്യ നിർണ്ണയം നടത്തുകയാണ് ചെയ്തിട്ടുള്ളത്. റൂഫിംഗിനായി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR-ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുന്നത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ. അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വന്നിട്ടുള്ളത്. 0.50 Mm കനമുള്ള ഷീറ്റ് റൂഫിംഗിന് ആവശ്യമായ ഡാറ്റയിൽ നിന്നും 0.35 Mm കനമുള്ള ഷീറ്റ് റൂഫിംഗിനുള്ള ഡാറ്റയിൽ, ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ. ആയതിനാൽ ഒബ്സർവ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ച Obderved Data യിൽ സാധനങ്ങൾ, ലേബർ എന്നിവക്ക് DSR നിരക്കിനേക്കാൾ കൂടിയ നിരക്കും, കൂടിയ എണ്ണവുമാണ് നൽകിയിട്ടുള്ളത്. 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് DSR ഇനം 12.50 മായി താരതമ്യം ചെയ്തതിൽ മേൽ പ്രവർത്തിക്ക് അനുവദിക്കാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു. [പഞ്ചായത്തിൽ ഉപയോഗിച്ച Obderved Data യിൽ നൽകിയ ഷീറ്റ് വില തന്നെയാണ് പരിഗണിച്ചിട്ടുള്ളത്].

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095.00 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.00 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter $2^{nd}$ Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.05 |
| Cost For 216.14sqm | | | | | 84901.05 |
| Cost For 1 Sqm | | | | | 392.81 |
| Add Water Charge1% | | | | | 3.92 |
| Total | | | | | 396.73 |
| Add CPOH 15% | | | | | 59.51 |
| Cost Index 37.25% (Excluding MR) | | | | | 36.03 |
| Total | | | | | 492.27 |

മേൽ പ്രവൃത്തിക്ക് തെറ്റായ Observed Data തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തിയത് മൂലമുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ഷീറ്റിന്റെ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | പ്രൊജക്ട്: പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് നവീകരണം, ഷെഡ് നിർമ്മാണം (190/20)<br>TS No: 102287/2018-19 (Ci 37.25%)<br>Agr.No: 108/AE/LSGD/KZTR/18-19 (Esti Rate)<br>M.Book No: 47/2018A<br>അടങ്കൽ/ ചെലവ്: 400000/ 3999893<br>Vr.No: 92/2019-20/31.03.20<br>കരാറുകാരൻ: ഷിഹാബുദ്ധീൻ | $52.06m^2$<br>(Esti. Item No.11) | 32195/-<br>(@618.43/$m^2$) | 25628/-<br>(@492.27/$m^2$) | 6567/- |
| 2 | പ്രൊജക്ട്: എം സി എഫ് കെട്ടിട നിർമ്മാണം (194/20)<br>TS No: 83217/2018-19 (Ci 37.25%)<br>Agr.No: 107/AE/LSGD/KZTR/18-19 (Esti Rate)<br>M.Book No: 50/2018A<br>അടങ്കൽ/ ചെലവ്: 600000/ 570970<br>Vr.No: 37/2019-20/27.09.19<br>കരാറുകാരൻ: ഷിഹാബുദ്ധീൻ | $93.41m^2$<br>(Esti. Item No.09) | 57768/-<br>(@618.43/$m^2$) | 45983/-<br>(@492.27/$m^2$) | 11785/- |
| 3 | പ്രൊജക്ട്: പഞ്ചായത്ത് ഓഫീസ് ക്യാന്റീൻ നിർമ്മാണം (197/20)<br>TS No: 107296/2018-19 (Ci 37.25%)<br>Agr.No: 109/AE/LSGD/KZTR/18-19 (Below 2.87%)<br>M.Book No: 51/2018A<br>അടങ്കൽ/ ചെലവ്: 495000/494981<br>Vr.No: 39/2019-20/27.09.19<br>കരാറുകാരൻ: ഷിഹാബുദ്ധീൻ | $93.60m^2$<br>(Esti. Item No.11) | 57885/-<br>(@618.43/$m^2$) | 46076/-<br>(@492.27/$m^2$) | 11809/- |
| 4 | പ്രൊജക്ട്: നെമ്മിനി GLPS- DPEP കെട്ടിട പുനരുദ്ധാരണം (159/20)<br>TS No: 106236/2018-19 (Ci 37.25%)<br>Agr.No: 101/AE/LSGD/KZTR/18-19 (Esti Rate)<br>M.Book No: 25/2018A<br>അടങ്കൽ/ ചെലവ്: 250000/206185<br>Vr.No: 44/2019-20/18.01.20<br>കരാറുകാരൻ: ഷിഹാബുദ്ധീൻ | $89.60m^2$<br>(Esti. Item No.08) | 55411/-<br>(@618.43/$m^2$) | 44107/-<br>(@492.27/$m^2$) | 11304/- |
| 5 | പ്രൊജക്ട്: കൃഷി ഭവൻ കെട്ടിട | $220.78m^2$ | 136537/- | 108683/- | 27854/- |

| | | | | | | |
|---|---|---|---|---|---|---|
| | പുനരുദ്ധാരണം (160/20)<br>TS No: 106242/2018-19 (Ci 37.25%)<br>Agr.No: 103/AE/LSGD/KZTR/18-19 (Esti Rate)<br>M.Book No: 28/2018A<br>അടങ്കൽ/ ചെലവ്: 400000/381238<br>Vr.No: 03/2019-20/08.05.19<br>കരാറുകാരൻ: ഷിഹാബുദ്ധീൻ | (Esti. Item No.06) | (@618.43/$m^2$) | (@492.27/$m^2$) | |
| 6 | പ്രൊജക്ട്: വിവിധ അംഗനവാടികളുടെ പുനരുദ്ധാരണം (163/20)<br>TS No: 107300/2018-19 (Ci 37.25%)<br>Agr.No: 97/AE/LSGD/KZTR/18-19 (Esti Rate)<br>M.Book No: 954/2018-19<br>അടങ്കൽ/ ചെലവ്: 495000/399003<br>Vr.No: 07/2019-20/08.05.19<br>കരാറുകാരൻ: ഷിഹാബുദ്ധീൻ | 128.66$m^2$<br>(Esti. Item No. 1-09, 2-12, ) | 79567/-<br>(@618.43/$m^2$) | 63335/-<br>(@492.27/$m^2$) | 16232/- |
| 7 | പ്രൊജക്ട്: ചക്കുഴി അംഗനവാടി റിപ്പയർ (164/20)<br>TS No: 97052/2018-19 (Ci 37.25%)<br>Agr.No: 75/AE/LSGD/KZTR/18-19 (Esti Rate)<br>M.Book No: 218/2018A<br>അടങ്കൽ/ ചെലവ്: 201000/191320<br>Vr.No: 01/2019-20/08.05.19<br>കരാറുകാരൻ: ഷിഹാബുദ്ധീൻ | 87.97$m^2$<br>(Esti. Item No. 16) | 54403/-<br>(@618.43/$m^2$) | 43305/-<br>(@492.27/$m^2$) | 11098/- |

അധികം നൽകിയ തുക (96,649/-) എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എൻജിനീയർ, സാങ്കേതിക അനുമതി നൽകിയ അസി. എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2019-20 | 25.11.2021 മുതൽ 08.12.2021 വരെ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | ഇതേ റിപ്പോർട്ട് നമ്പറും തിയ്യതിയും |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി നം, പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 208/20 – ലൈഫ് ഭവന പദ്ധതി | 200000 | 0 |
| | 425000 | 14/20 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 425000 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | 14/20 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | 4665 | 207/20 – ലൈഫ് ഭവന പദ്ധതി | 4665 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | 30/20 വിവിധ പ്രദേശങ്ങളിൽ കുഴൽകിണർ സ്ഥാപിക്കൽ | 17/30.11.2019 | 11610 | 11610 | പൂർത്തീകരിച്ച | 0 |
| ഭൂജല വകുപ്പ് | 31/20മുള്ള്യാകുറുശ്ശി ചെങ്ങറ എസ് ടി കോളനി കുഴൽകിണർ നിർമ്മാണം | | 44956 | 44956 | പൂർത്തീകരിച്ച | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

വായ്പ തിരിച്ചടവിന്റെ വിവരം. 2019-20

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് പദ്ധതി | ലഭ്യമല്ല | 16,20,000 | 24,29,845 | 4,41,762 | 0 | 36,08,083 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8,60,072 |
| തൻവർഷം നിക്ഷേപിച്ച തുക | 1,00,70,956 |
| ആകെ | 1,09,31,028 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 10931028 |

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| എഫ്.ഡി. 36208/04.12.2018(പട്ടിക്കാട് സർവ്വീസ് സഹകരണ ബാങ്ക്) | 9,31,028 | |
| എഫ്.ഡി. 0040120010989/20.11.2021 | 20,00,000 | |
| എഫ്.ഡി. 0040120010990/20.11.2021 | 20,00,000 | |
| എഫ്.ഡി. 0040120010991/20.11.2021 | 20,00,000 | |
| എഫ്.ഡി. 0040120010992/20.11.2021 | 20,00,000 | |
| എഫ്.ഡി. 0040120010993/20.11.2021 | 20,00,000 | |
| ആകെ | 1,09,31,028 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 56432/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2009-10 മുതൽ 2010-11 | 3(5),3(6) | 56432 | ശ്രീ. മനോജ്, വി ഇ ഒ | 119230100956/13.08.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2001-02 | 3(1) | 2006-07 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് | നടപടികൾ തുടരുന്നു |
| 2001-02 | 3(3) | 2006-07 | അരിക്കണ്ടം പാക്ക് ചമ്രവട്ടം റോഡ് -മരാമത്ത് പണി- അധികം തുക നൽകി | നടപടികൾ തുടരുന്നു |
| 2001-02 | 3(4) | 2006-07 | കീഴാറ്റൂർ മണിയാണിനിക്കടവ് റോഡ് ടാറിങ്ങ് | നടപടികൾ തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | നമ്പരും തിയതിയും | തുക | |
|---|---|---|---|---|---|---|
| 1 | 96-97 | 12 | ശ്രീ.മുഹമ്മദ് ബഷീർ | LF 7905/ Spl.cell/SC1 /2000/01.07.2002 | 12848 | തുക അടവാക്കിയിട്ടില്ല. |
| 2 | 2002-03 | 3(3),3(4) | ശ്രീ.ദിവാകരൻ | LF 21218/ Spl.cell/SC5/05 31.8.09/10.9.09 | 98086 | DCRGയിൽ നിന്നും ഈടാക്കിയതായി അറിയിച്ചു,ഇനം തിരിച്ച വിവരം ലഭ്യമല്ല,2003-04 ലേത് ഉൾപ്പെടെ |
| 3 | 2003-04 | 3-25 | ശ്രീ.പി.ദിവാകർ | LF 19433/ Spl.cell/SC5/09 12/2010 | 37381 | DCRGയിൽ നിന്നും ഈടാക്കിയതായി അറിയിച്ചു,ഇനം തിരിച്ച വിവരം ലഭ്യമല്ല |
| 4 | 2007-08 | 3-10 | ശ്രീ.സി.ആർ.കൃഷ്ണകുമാർ | LF 17136/Sp. Cell/SC-D1/12 Dt. 24.10.14 | 203846 | OP 1128/11 ജില്ലാ കോടതി എറണാകുളം |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63670363 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71414021 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 96649 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2000000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 48324.50 | ശ്രീ. അബ്ദുൾ ജലീൽ,അസിസ്റ്റന്റ് എഞ്ചിനീയർ കീഴാറ്റൂർ പഞ്ചായത്ത് |
| 3-1 | | 48324.50 | ശ്രീ. ഉമ്മർ കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,പെരിന്തൽമണ്ണ ബ്ലോക്ക് |
| ആകെ | | 96,649 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 2000000 | ശ്രീ.ഷറഫുദ്ദീൻ.ഇ, സെക്രട്ടറി കീഴാറ്റൂർ പഞ്ചായത്ത് |
| ആകെ | 2000000 | |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷറഫുദ്ദീൻ.ഇ | സെക്രട്ടറി കീഴാറ്റൂർ പഞ്ചായത്ത് | എടക്കുമ്പൻ ഹൌസ്, പള്ളിപ്പുറം പി.ഒ,മങ്കട |
| ശ്രീ.അബ്ദുൾ ജലീൽ | അസിസ്റ്റന്റ് എഞ്ചിനീയർ,കീഴാറ്റൂർ പഞ്ചായത്ത് | തയ്യിൽ ഹൌസ്,പാലക്കുളം, കരുവമ്പ്രം പി ഒ, മഞ്ചേരി |
| ശ്രീ. ഉമ്മർ കെ, | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,പെരിന്തൽമണ്ണ ബ്ലോക്ക് | കാരയിൽ വീട്, നെല്ലിക്കാപറമ്പ്, മുക്കം, കോഴിക്കോട് Pin 673602 |
| | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ-ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFM14/352/02 Dtd 14-2-2011 | 07 |
| 1997-98 | LFM110/777/2004 Dtd14-2-2011 | 36 |
| 19998-99 | LFM16/630/2006 Dtd14-2-2011 | 33 |
| 1999-2000 | LFM16/631/2006 Dtd14-2-2011 | 31 |
| 2000-2001 | LFM16/6327/2006 Dtd14-2-2011 | 39 |
| 2001-2002 | LFM16/907/2006 Dtd14-2-2011 | 14 |

| | | |
|---|---|---|
| 2002-2003 | LFM16/1236/2007 Dtd14-2-2011 | 29 |
| 2003-2004 | LFM16/1885/2007 Dtd14-2-2011 | 41 |
| 2004-2005 | LFM16/1896/2008 Dtd14-2-2011 | 18 |
| 2005-2006 | LFM16/1134/2009 Dtd113-01-2011 | 10 |
| 2006-2007 | LFM11/1135/2009 Dtd13-01-2011 | 24 |
| 2007-2008 | LFM16/63/2012 Dtd2-7-2012 | 13 |
| 2008-2009 | LFM11/1091/2013 /3-1-2014 | 19 |
| 2009-10<br>&2010-11 | LFM11/883/2014/13-6-2014 | 21 |
| 2011-12 &<br>2012-13 | KSA/MPM11/1423/2015/ 25-8-2015 | 16 |
| 2013-14 &<br>2014-15 | KSA/MPM11/1930/2016 03-8-2016 | 15 |
| 2015-16 | KSA/MPM(11)/3206/2016/19.11.16 | 4 |
| 2016-17 | KSA/MPM(11)/2010/2017/20.10.2017 | 17 |
| 2017-18 | KSA/MPM(11)/225/2019/21-02-2019 | 9 |
| 2018-19 | KSA/MPM(11)/2570/19 Dtd 14-08-20 (FR) | 9 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്